# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1649 — 13.07.2011 ൽ മറുപടിയ്ക്ക്

## കാട്ടുപന്നി വേട്ടയ്ക്കുള്ള നിബന്ധനകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം ചന്ദ്രൻ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട് സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വ്യാപകമായി കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുവാൻ കൃഷിക്കാർക്ക് അനുവാദം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഇത്തരത്തിൽ കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുവാനുള്ള നിബന്ധനകൾ എന്തെല്ലാമാണ് ; | (ബി) ഇത്തരം കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിനുള്ള നിബന്ധനകൾ 23.06.2011-ൽ പുറപ്പെടുവിച്ച ജി.ഒ.(ആർ.ടി)നമ്പർ.281/2011/വനം ഉത്തരവ് പ്രകാരം, താഴെ പറയുന്നവയാണ്.<br>1) നിരന്തരം ശല്യമുണ്ടായി കൃഷിനാശം സംഭവിക്കുമ്പോൾ ബന്ധപ്പെട്ട റെയിഞ്ചർ/അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡന് കാട്ടുപന്നിയെ വെടിവെച്ചുകൊല്ലണമെന്ന് ആവശ്യപ്പെട്ട് കർഷകൻ അപേക്ഷ സമർപ്പിക്കണം. ഇപ്രകാരം ആവശ്യപ്പെടുമ്പോൾ കൃഷിയിടത്തിൻെറ സ്ഥാനം, വിളകൾക്കുണ്ടായ നാശനഷ്ടം, ആക്രമകാരിയായ കാട്ടുപന്നികളുടെ എണ്ണം എന്നിവ കൂടി അറിയിക്കേണ്ടതാണ്.<br>2) ഇപ്രകാരം അപേക്ഷ ലഭിച്ചാൽ റെയിഞ്ചർ/അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡൻ, വനസംരക്ഷണസമിതി പ്രസിഡൻറ്/ഇക്കോ ഡവലപ് മെൻറ് കമ്മിററി പ്രസിഡൻറ്/ഗ്രാമപഞ്ചായത്ത് അംഗം എന്നിവരുമായി കൂടിയാലോചിച്ച് അപേക്ഷയുടെ നിജസ്ഥിതി ഉറപ്പുവരുത്തി കാട്ടുപന്നിയെ വെടിവെച്ചുകൊല്ലാനുള്ള തീരുമാനം അപേക്ഷ ലഭിച്ച് 3 ദിവസത്തിനകം കർഷകനെ അറിയിക്കേണ്ടതാണ്. അപേക്ഷ നിരസിക്കുകയാണെങ്കിൽ കാരണസഹിതം അപേക്ഷകന് 3 ദിവസത്തിനകം മറുപടി നൽകേണ്ടതാണ്. |

3) കാട്ടുപന്നിയെ വെടിവച്ചുകൊന്നാൽ ഫോറസ്റ്റർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ 2 പൊതുജനങ്ങളുടെ സാന്നിധ്യത്തിൽ മഹസർ തയ്യാറാക്കേണ്ടതാണ്.

4) വെടിവച്ചു കൊന്ന പന്നിയുടെ മാംസം ഭക്ഷണആവശ്യത്തിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

5) കൊല്ലപ്പെടുന്ന പന്നിയുടെ ജഡത്തിൽ മണ്ണെണ്ണ ഒഴിച്ച് 3 അടി താഴ്ചയുള്ള കുഴിയിൽ അടക്കം ചെയ്യേണ്ടതോ, കത്തിച്ചുകളയേണ്ടതോ ആണ്.

6) ഇത്തരം കേസുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ഉടനടി അറിയിക്കേണ്ടതാണ്.

7) കയ്യേറിയ വനഭൂമിയിൽ കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാൻ അനുവാദം നൽകുന്നതല്ല.

8) മുലയൂട്ടുന്ന പന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലാൻ പാടുള്ളതല്ല.

9) അംഗീകൃത പട്ടികവർഗ്ഗ കോളനികളിൽ ഒഴികെ മറ്റ് വനപ്രദേശങ്ങളിൽ യാതൊരു കാരണവശാലും കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാൻ പാടുള്ളതല്ല.

10) സർക്കാർ ചെലവിൽ ആനക്കിടങ്ങുകൾ നിർമ്മിച്ചതോ, സോളാർ ഫെൻസിംഗ് സ്ഥാപിച്ചതോ, കൽക്കെട്ടുകൾ ഉണ്ടാക്കി സംരക്ഷിച്ചിട്ടുള്ളതോ ആയ കൃഷിയിടങ്ങളിൽ കാട്ടുപന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലുവാൻ പാടില്ല.

11) ഒരു കാട്ടുപന്നിയെ ഇപ്രകാരം വെടിവെയ്ക്കാൻ ഒരുങ്ങുമ്പോൾ അത് വനത്തിലേയ്ക്ക് രക്ഷപ്പെട്ടാൽ യാതൊരു കാരണവശാലും വനത്തിനകത്ത് കയറി വെടിവെയ്ക്കാൻ പാടില്ലാത്തതാണ്.

(സി) ഇതിനാവശ്യമായ തോക്കിനുള്ള ലൈസൻസ് സർക്കാർ ഉദാര വ്യവസ്ഥകളിലൂടെ അനുവദിക്കുമോ?

(സി) തോക്കിനുള്ള ലൈസൻസ് അനുവദിക്കുന്നത് വനം വകുപ്പ് അല്ല. എന്നാൽ തോക്ക് ലൈസൻസ് അനുവദിക്കുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണ്.

സെക്ഷൻ ഓഫീസർ